## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5708** 18.11.2019 - ൽ മറുപടിക്ക്.

## കേരള റേഷനിംഗ് കൺട്രോൾ ഓർഡർ പരിഷ്കരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**,, കെ. രാജൻ**<br>**,, ഇ.കെ.വിജയൻ**<br>**,, വി.ആർ. സുനിൽ കുമാർ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** കേരള റേഷനിംഗ് കൺട്രോൾ ഓർഡർ പരിഷ്കരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ ആയതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ; | **(എ)** കേരള റേഷനിംഗ് ഓർഡർ, 1966 പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, TPDS Control Order, 2015 എന്നിവയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് കേരള റേഷനിംഗ് ഓർഡർ, 1966 ന്റെ പരിഷ്കരിച്ച പകർപ്പായ ടി.പി.ഡി.എസ്. (കൺട്രോൾ ഓർഡർ) ന്റെ കരട് തയ്യാറാക്കി ആയതിന്മേൽ പൊതുജനങ്ങളുടെ അഭിപ്രായം അറിയിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിൽ (www.civilsupplieskerala.gov.in) പ്രസിദ്ധീകരിച്ചിരിക്കുകയാണ്. |
| **(ബി)** പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് നിലവിലുള്ള സംവരണ തത്വത്തിൽ മാറ്റം വരുത്തുമോ; വ്യക്തമാക്കുമോ; | **(ബി)** ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013, TPDS Control Order, 2015 എന്നിവയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് കേരളാ റേഷനിംഗ് ഓർഡർ, 1966 - ന്റെ പരിഷ്കരിച്ച പകർപ്പായ ടി.പി.ഡി.എസ്. (കൺട്രോൾ ഓർഡർ) ന്റെ കരട് തയ്യാറാക്കിയിരിക്കുന്നത്. ആയത് അനുസരിച്ചുള്ള മാറ്റങ്ങൾ പുതിയ ഓർഡറിൽ വരുത്തുന്നതാണ്. |
| **(സി)** ഭിന്നശേഷി വിഭാഗം, ട്രാൻസ്ജെൻഡർ വിഭാഗം, വനിതാ സ്വാശ്രയ സംഘങ്ങൾ എന്നിവർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തുമോ; | **(സി)** സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) വാതിൽപ്പടി വിതരണത്തിൽ എന്തെങ്കിലും ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) യും (ഇ) യും ഉണ്ട്. |
| (ഇ) പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്; വ്യക്തമാക്കുമോ? | 1) ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി സംഭരിച്ച് FIFO (First in First Out) അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിന് സ്വകാര്യ വ്യക്തികളിൽ നിന്ന് താൽപ്പര്യ പത്രങ്ങൾ ലഭ്യമാക്കി അനുയോജ്യമായവ കണ്ടെത്തി ദീർഘകാല കരാർ അടിസ്ഥാനത്തിൽ ഗോഡൗണുകൾ നിർമ്മിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br>2) പി.ഡി.എസ്. ഗോഡൗണുകളിലെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് സിസി. ടി.വി ഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>3) ചരക്ക് നീക്കം നിരീക്ഷിക്കുന്നതിന് ജി.പി.എസ്. സംവിധാനം സ്വീകരിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു.<br>4) എസ്.സി.എം.എസ്/ഡി.എം.എസ്. സോഫ്റ്റ്‌വെയറുകൾ മുഖേന അക്കൗണ്ട് ചെയ്ത ബിൽ പ്രകാരം റേഷൻ സാധനങ്ങൾ വിതരണം ചെയ്തു വരുന്നു.<br>5) കടത്തു കരാർ നിബന്ധനയിൽ ഉൾപ്പെടുത്തി വാതിൽപ്പടി വിതരണം നടത്തുമ്പോൾ റേഷൻ വ്യാപാരിയിൽ നിന്നും ബില്ലിൽ ഒപ്പ് വാങ്ങുകയും പിന്നീട് താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാരുടെ സാക്ഷ്യപത്രം വാങ്ങുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**